കാരണമാണെന്നു കരുതപ്പെടുന്നു. പുകയിലയ്ക്കു പുറമെ ചുണ്ണാമ്പും ക്യാൻസർ ഉണ്ടാക്കുമത്രേ. പക്ഷേ, പുകവലിമൂലം ശ്വാസകോശത്തിൽ ക്യാൻസർ ഉണ്ടാകാനുള്ള സാധ്യത നിസ്സന്ദേഹമായി തെളിയിക്കപ്പെട്ടിട്ടും, സിഗരററിന്റെ നിർമ്മാണവും ഉപഭോഗവും നാൾതോറും വർദ്ധിച്ചുവരുന്നതേ ഉള്ളു. കണ്ടേടത്തൊക്കെ തുപ്പി വൃത്തികേടാക്കുകയില്ലെങ്കിൽ, ആളുകൾ മുറുക്കുന്നതാണ് പുകവലിക്കുന്നതിനേക്കാൾ ഭേദം. പുകയില കൂടാതെ മൂന്നുംകൂട്ടി മുറുക്കുന്നതു തീർച്ചയായും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുമാണ്. ഇന്ത്യൻപൗരത്വം സ്വീകരിച്ച പ്രശസ്ത ബ്രിട്ടീഷ്ശാസ്ത്രജ്ഞനായ ജെ. ബി. എസ്. ഹാൾഡേൻ മുറുക്കാറുണ്ടായിരുന്നു.

'കോപ്പിണങ്ങിയ മുറുക്കുനിമിത്തം ചോപ്പിരട്ടിയെഴും' അധരോഷ്ഠം, പ്രത്യേകിച്ചും അതു സ്ഥിതിചെയ്യുന്നതു് സൗന്ദര്യമുള്ള ഒരു മുഖത്തിലാണെങ്കിൽ, കാണാൻ എന്തു ഭംഗിയാണ്. 'തളിർവെററിലയും പഴുക്കയും ചുണ്ണാമ്പും ചേർന്ന് വായ്ക്കു നൽകുന്ന സൗമ്യമായ പരിമളം ഇഷ്ടപ്പെടാത്തവർ ഉണ്ടാവില്ല.

ദക്ഷിണാഫ്രിക്കയിലെ നാററാലിൽ ബോബിനായരുടെ വെററിലക്കൃഷിക്ക് നാം വിജയം നേരുക!

24 ഏപ്രിൽ 1983

87. മരങ്ങളെ രക്ഷിക്കാൻ ആത്മാഹുതി

'ഹിമാലയത്തിന് ഒരു സംരക്ഷകൻ' എന്ന തലക്കെട്ടിൽ 1982 ജനുവരിയിൽ എഴുതിയ ഒരു ലേഖനത്തിൽ ഞാൻ ഇങ്ങനെ പ്രസ്താവിച്ചിരുന്നു:

'അനിയന്ത്രിതമായ വനവിധ്വംസനത്തിനെതിരെ ഹിമാലയസാനുക്കളിലെ ഗ്രാമീണരെ, പ്രത്യേകിച്ച് സ്ത്രീകളെ, സംഘടിപ്പിക്കുന്നതിനു നേതൃത്വംവഹിച്ചതു് സുന്ദർലാൽ ബഹുഗുണ എന്ന ഗാന്ധിശിഷ്യനാണ്. ബഹുഗുണയും അനുയായികളുംചേർന്ന് ആസൂത്രണംചെയ്ത 'ചിപ്കോ' സമരം വനസംരക്ഷണത്തിന്റെ പ്രാധാന്യം പൊതുജനദൃഷ്ടിയിൽ കൊണ്ടുവരുന്നതിനെങ്കിലും ഉപകരിച്ചിട്ടുണ്ട്. 'ചിപ്കോ' എന്ന വാക്കിന് 'ഒട്ടിപ്പിടിക്കുക' എന്ന് അർത്ഥം. സർക്കാർ നൽകിയ ലൈസൻസുമായി കൺട്രാക്ടർമാർ മരംവെട്ടാൻ വരുമ്പോൾ സ്ത്രീകൾ മരങ്ങളെ ചുററി, അവയോട് ഒട്ടിനില്ക്കുന്നു. അതിനാൽ കൺട്രാക്ടർമാർക്ക് തങ്ങളുടെ വിധ്വംസനകർമ്മം നടത്താൻ കഴിയാതെപോവുന്നു.'

'ചിപ്കോ' പ്രസ്ഥാനത്തിനു നമ്മുടെ കാലഘട്ടത്തിൽ പുനരുത്ഥാനം നല്കിയതു് സുന്ദർലാൽ ബഹുഗുണയാണെങ്കിലും, ആ പ്രസ്ഥാനത്തിന്റെ ആവിഷ്കർത്താവ് അദ്ദേഹമല്ല. രാജസ്ഥാനിലുള്ള 'ബിഷ്ണോയി' കൾ എന്ന മതവിഭാഗക്കാർ ക്രിസ്ത്വബ്ദം 1604—ാമാണ്ടു മുതൽക്കെങ്കിലും മരംവെട്ടുന്നതിനെ ചെറുത്തുപോന്നിട്ടുണ്ട്. മരങ്ങളെ സംരക്ഷിക്കുന്നതിനു വേണ്ടി ബിഷ്ണോയികൾ നടത്തിയ ഏററവും വലിയ അഹിംസാത്മക സമരം ക്രിസ്ത്വബ്ദം 1820-ാമാണ്ടിലായിരുന്നു. മരങ്ങളിൽ കെട്ടിപ്പിടിച്ചുനിന്ന, നിരായുധരായ, മുന്നൂററുപത്തിമൂന്ന് ബിഷ്ണോയികളെ അന്ന് മരംവെട്ടുകാരുടെ കോടാലികൾ നിഷ്കരുണം കശാപ്പുചെയ്തു.

മനുഷ്യവർഗത്തിന്റെ ചരിത്രത്തിൽ സ്വർണലിപികളിൽ രേഖപ്പെടുത്തേണ്ടതാണ് ഈ ആത്മാഹുതിയുടെ ചരിത്രം. വൃക്ഷപ്രേമികൾക്ക് അതു് എന്നും ആവേശജനകമായിരിക്കും.

'ബിഷ്ണോയി' എന്ന വൈഷ്ണവമതസമ്പ്രദായത്തിന്റെ സ്ഥാപകൻ

ജംബേശ്വർജി എന്ന ഒരു സിദ്ധനാകുന്നു. ഈ മതവിഭാഗത്തിൽ വിശ്വസിക്കുന്നവർ അധികവും രാജസ്ഥാനിലാണു പാർക്കുന്നതു്. ഇരുപത്തൊമ്പതു് അടിസ്ഥാനവിശ്വാസങ്ങൾ ഇവർ പുലർത്തിവരുന്നു. ഈ വിശ്വാസങ്ങളിലൊന്നു്, രാജസ്ഥാനിലെ മരുഭൂമികളിൽ വളരുന്നതും വളരെ വർഷം മഴ പെയ്യില്ലെങ്കിലും പച്ചവിടാതെ നില്ക്കുന്നതുമായ 'ഖേജരി' എന്ന മരം ഒരു കാരണത്താലും വെട്ടിനശിപ്പിച്ചുകൂടാ എന്നതാണു്.

ഈ വിശ്വാസത്തെ സംരക്ഷിക്കുന്നതിനുവേണ്ടി ആദ്യത്തെ ആത്മാഹുതികൾ നടന്നതു് ക്രിസ്ത്വർഷം 1604—ൽ ആയിരുന്നു. അന്നു് ഒരു നാട്ടുരാജ്യമായിരുന്ന ജോധ്പൂരിലെ (ഇന്നതു് രാജസ്ഥാൻ സംസ്ഥാനത്തിലെ ഒരു ജില്ലയാണു്) രാംസദി എന്ന ഗ്രാമത്തിലെ കമ്മ എന്നും ഗോറാൻ എന്നും പേരായ രണ്ടു സ്ത്രീകൾ മരംവെട്ടു് തടഞ്ഞതിൻെറപേരിൽ വധിക്കപ്പെട്ടു. ബിഷ്ണോയി മതാചാര്യപരമ്പരയിൽപ്പെട്ട വിൽഹോജി എന്ന സിദ്ധൻ ഈ സ്ത്രീകളെ വാഴ്ത്തി ഒരു കവിത രചിച്ചിട്ടുണ്ടു്.

ഇതിനുശേഷം, രാജസ്ഥാനിലെ നാഗൗർ ജില്ലയിൽ മെർട്ട എന്ന നഗരത്തിനടുത്തുള്ള പീലാവാസ് എന്ന ഗ്രാമത്തിൽ, മരംവെട്ടുന്നതു തടഞ്ഞ ബുച്ചോജി എന്ന ഒരു ബിഷ്ണോയി സന്ന്യാസിക്കു് ജീവൻ വെടിയേണ്ടിവന്നു. കേശോജി എന്ന ഒരു ബിഷ്ണോയികവി ബുച്ചോജിയുടെ ജീവത്യാഗത്തെ ഒരു കവിതയിലൂടെ പ്രകീർത്തിക്കുകയുണ്ടായി.

എന്നാൽ, മരങ്ങളെ സംരക്ഷിക്കുന്നതിനായി ബിഷ്ണോയികൾ—എന്തിനു്, മനുഷ്യർതന്നെ—ഏററവും വലിയ ആത്മാഹുതി നടത്തിയതു് ക്രിസ്ത്വർഷം 1720—ൽ ആയിരുന്നു. ജോധ്പൂരിൽനിന്നു് ഇരുപത്തഞ്ചു കിലോമീററർ അകലെ 'ഖേജരി' എന്ന ഗ്രാമത്തിൽ അന്നു ധാരാളം ഖേജരിവൃക്ഷങ്ങളുണ്ടായിരുന്നു. മരുഭൂമിയിലെ ഒരു നിത്യഹരിതവൃക്ഷമാണു് 'ഖേജരി'. ഖേജരി ഗ്രാമത്തിനു് ആ പേരു വന്നതുതന്നെ ഈ വൃക്ഷങ്ങളുടെ സമൃദ്ധിമൂലമായിരുന്നു.

അഭയസിംഹ് എന്നൊരാളായിരുന്നു അന്നു് ജോധ്പൂർ നാട്ടുരാജ്യത്തിലെ രാജാവു്. ഒരു കൊട്ടാരം പണിയുന്നതിനായി അദ്ദേഹത്തിനു ധാരാളം കുമ്മായം ആവശ്യമായി വന്നു. കുമ്മായം നിർമ്മിക്കുന്ന ചൂളകളിൽ കത്തിക്കാൻവേണ്ട വിറകു് കൊണ്ടുവരുന്നതിനു രാജാവു് നിയോഗിച്ചതു് ഗിരിധർദാസ് ഭണ്ഡാരി എന്ന ഒരു മന്ത്രിയെയാണു്. ഖേജരി ഗ്രാമത്തിലെ മരങ്ങളെപ്പററി ഗിരിധർദാസ് കേട്ടിരുന്നു. ഗ്രാമത്തിൽ ചെന്നു് മരങ്ങളെല്ലാം മുറിച്ചുകൊണ്ടുവരുവാൻ മന്ത്രി ഒരു സംഘം വേലക്കാരെ അങ്ങോട്ടയച്ചു.

ഖേജരിഗ്രാമത്തിലും അതിനടുത്തുള്ള എൺപത്തിനാലു ഗ്രാമങ്ങളിലും അന്നു പാർത്തിരുന്നവരിലധികവും ബിഷ്ണോയികൾ ആയിരുന്നു. വിശുദ്ധങ്ങളെന്നു തങ്ങൾ കരുതിവന്ന വൃക്ഷങ്ങളെ ഒരുകൂട്ടം ആളുകൾ വന്നു വെട്ടിവീഴ്ത്തുന്നതുകണ്ട ബിഷ്ണോയികൾ അമ്പരന്നു. അവർ ഓടിച്ചെന്നു് മരംവെട്ടുകാരെ തടഞ്ഞു. സംഖ്യാബലം ബിഷ്ണോയികൾക്കായിരുന്നതിനാൽ മരംവെട്ടുകാർക്കു് വെറുംകൈയുമായി മടങ്ങിപ്പോകേണ്ടി വന്നു.

ജനങ്ങളുടെ ജീവിതംകൊണ്ടു് എന്തുചെയ്യാനും അധികാരമുള്ള രാജാവിൻെറ മന്ത്രിയായ ഗിരിധർദാസ് ഭണ്ഡാരി, ഒരുകൂട്ടം ഗ്രാമീണർ കാണിച്ച ഈ ധിക്കാരം എങ്ങനെ സഹിക്കും? മരംവെട്ടുകാരെ സംരക്ഷിക്കുന്നതിനു് ആയുധധാരികളുടെ ഒരു വലിയ സംഘത്തെ നയിച്ചുകൊണ്ടു് അയാൾ ഖേജരിഗ്രാമത്തിലേക്കു ചെന്നു. മരങ്ങൾ മുറിക്കുന്നതു തടസ്സപ്പെടുത്തുന്നവരെ മുഴുവൻ കൊന്നുകളയാനായിരുന്നു അയാളുടെ കല്പന.

മതഭക്തരായ ബിഷ്ണോയികൾ ഈ ഭീഷണിക്കുമുമ്പിൽ തലകുനിച്ചില്ല. കുഞ്ഞുങ്ങളും വൃദ്ധന്മാരും, സ്ത്രീകളും പുരുഷന്മാരും, ഗ്രാമവാസികൾ ഒന്നടങ്കം തങ്ങളുടെ വിശുദ്ധവൃക്ഷങ്ങളെ സംരക്ഷിക്കാൻ തയ്യാ

റായി. എന്നാൽ, അവർ തികച്ചും നിരായുധരായിരുന്നു. കോടാലികളുമായി മരംവെട്ടുകാർ സമീപിക്കുന്ന മരങ്ങളെ അവർ ചെന്നു കെട്ടിപ്പിടിച്ചു. തങ്ങളുടെ തലയറുത്തശേഷമേ മരത്തിൽ കോടാലിവെക്കാവൂ എന്നു് അവർ പറഞ്ഞു. മരംവെട്ടുകാർ ചെയ്തതും അതാണു്. ഉടലിൽ നിന്നു വേറിട്ട മുന്നൂററുപത്തിമൂന്നു തലകൾ ആ മരങ്ങൾക്കു കീഴെ വീണു് ഉരുണ്ടു.

ഖേജരിഗ്രാമത്തിൽ ഇപ്പോൾ ബിഷ്ണോയിമാരുടെ ഒരു മഠം ഉണ്ടു്. ഗുരുമഹാരാജ് ഹീരാനന്ദജി എന്ന സന്ന്യാസിയാണു് അവിടത്തെ 'മഹന്ത്' (മഠാധിപതി). ഈ മഠത്തിനടുത്തുള്ള ക്ഷേത്രത്തിൽ ബിഷ്ണോയിമാരുടെ അന്നത്തെ ആത്മാഹുതിയുടെ ചിത്രങ്ങൾ വരച്ചുവെച്ചിട്ടുണ്ടു്. രാമുജി ഖോഡ്, അയാളുടെ പത്നി അമൃതദേവി, അവരുടെ മൂന്നു പെൺകിടാങ്ങൾ എന്നിവരുടേതാണു് ഒരു ചിത്രം. ഈ കുടുംബം മുഴുവൻ മരംവെട്ടുകാരുടെ കോടാലികൾക്കു് ഇരയായി. അവരുടെ ഉടലുകളും തലകളും വേറിട്ടു് മരച്ചുവട്ടിൽ ചിതറിക്കിടക്കുന്നതു് ഈ ചിത്രത്തിൽ കാണാം.

അന്ദരാം ഖോഡു എന്നു പേരായ ഒരു ചൗധരിയുടെ (ജാട്ടിന്റെ) ആണു് മറെറാരു ചിത്രം. ഈയാൾ ബിഷ്ണോയി ആയിരുന്നില്ല; അഹിംസയിൽ ഇയാൾക്കു വിശ്വാസവുമുണ്ടായിരുന്നില്ല. മരംവെട്ടുകാരുടെ ക്രൂരത കണ്ടു് കലികയറിയ അന്ദരാം വാളുരി, മരംവെട്ടലിനു മേൽനോട്ടംവഹിച്ചുകൊണ്ടുനിന്ന മന്ത്രി ഗിരിധർദാസിന്റെ നേരെ ചാടി. ഗിരിധർദാസിന്റെ പടയാളികൾ അന്ദരാമിനെ വളഞ്ഞു. കഴുത്തിൽ ഒരു പടയാളിയുടെ വെട്ടേററു് അന്ദരാമിന്റെ തല നിലത്തുവീണു. പക്ഷേ, തലയററ അന്ദരാമിന്റെ ഉടൽ (കബന്ധം) പോരാട്ടം തുടർന്നു. ഗിരിധർദാസിനെ വെട്ടിവീഴ്ത്തിയശേഷമേ ആ ഉടൽ നിലംപൊത്തിയുള്ളു. തലയില്ലാത്ത ഉടലിന്റെ ഈ പരാക്രമപ്രകടനം ചുററുമുള്ളവർ അമ്പരപ്പോടെ നോക്കിനിന്നുവത്രേ.

ഖേജരിഗ്രാമത്തിലെ കൂട്ടക്കൊലയെപ്പററി കേട്ടപ്പോൾ ജോധ്പൂർ രാജാവായ അഭയസിംഹനു് പശ്ചാത്താപംതോന്നി. ബിഷ്ണോയികളുടെ മതനിഷ്ഠയും വൃക്ഷപ്രേമവും ത്യാഗഭാവനയും അദ്ദേഹത്തിന്റെ ഹൃദയത്തെ അഗാധമായി സ്പർശിച്ചു. അദ്ദേഹം ഖേജരിഗ്രാമത്തിലേക്കു ചെന്നു; ഗ്രാമവാസികളെ വിളിച്ചുകൂട്ടി; തന്റെ മന്ത്രി അവിടെ നടത്തിയ അക്രമങ്ങളിൽ ഖേദം പ്രകടിപ്പിച്ചു് അവരോടു ക്ഷമ യാചിച്ചു. ജോധ്പൂർ രാജ്യത്തു് ആരും മേലിൽ ഖേജരിവൃക്ഷങ്ങൾ മുറിക്കരുതെന്നു രാജാവു് പറയടിച്ചു വിളംബരപ്പെടുത്തി.

ഖേജരിഗ്രാമത്തിലെ വൃക്ഷപ്രേമികളുടെ ആത്മാഹുതിയെപ്പററി പല പുസ്തകങ്ങളും പില്ക്കാലത്തും എഴുതപ്പെട്ടുവത്രേ. അത്ഭുതകരമായ ഈ അഹിംസാത്മകസമരത്തെ പ്രകീർത്തിക്കുവാൻ ഒരു സ്മാരകസ്തംഭം ഖേജരിയിൽ മൂന്നു വർഷംമുമ്പു നിർമ്മിക്കപ്പെട്ടു. മരങ്ങളെ രക്ഷിക്കാനായി സ്വന്തം ജീവൻ ബലിയർപ്പിച്ച മുന്നൂററുപത്തിമൂന്നു് ബിഷ്ണോയിമാരുടേയും പേരുകൾ ഈ സ്തംഭത്തിൽ എഴുതിവെച്ചിട്ടുണ്ടു്. ഒരു ഉദ്യാനത്തിൽ, ക്ഷേത്രവുമായി ബന്ധപ്പെട്ടാണു് ഈ കീർത്തിസ്തംഭം ഉയർത്തപ്പെട്ടിരിക്കുന്നതു്. പത്തടി ഉയരത്തിൽ ഒരു തറയിൽ ഈ സ്തംഭം നിലകൊള്ളുന്നു. അതിന്റെ പണി ഇനിയും പൂർത്തിയായിട്ടില്ല. സ്തംഭത്തിനുതാഴെ, ഒഴിഞ്ഞ, ഇഷ്ടികപാകാത്ത, നിലമാണു്. ഈ മണ്ണിലാണത്രേ 1720—ലെ ത്യാഗികളുടെ രക്തം ആദ്യമായി വീണതു്. ആ ചോരവീണു വററിയ നിലത്തു പിന്നീടു് ഒരൊററ പുൽക്കൊടിപോലും മുളച്ചില്ല. സസ്യങ്ങൾക്കു വളരാൻ കഴിയാത്ത മണ്ണാണു് അതെന്നു പരിശോധനയിൽ തെളിഞ്ഞിട്ടുണ്ടത്രേ. ബിഷ്ണോയികൾ ഈ മണ്ണിനു പാവനത്വം കല്പിക്കുന്നു.

1979—ാമാണ്ടു് മുതൽ ഇവിടെ ആണ്ടുതോറും ഭാദ്രപദമാസത്തിൽ മൂന്നു

ദിവസം നീണ്ടുനില്ക്കുന്ന ഒരു വലിയ മേള (ഉത്സവം) ഹതാത്മാക്കളെ അനുസ്മരിപ്പിക്കുന്നതിനായി സമീപപ്രദേശങ്ങളിലെ കർഷകർ സംഘടിപ്പിച്ചുവരുന്നു. ഈയാണ്ടിൽ സെപ്തംബർ 24–ാം തീയതിയാണ് ഈ മേള ആരംഭിച്ചത്.

അടുത്തകാലത്ത് ഖേജരിയിലെ കീർത്തിസ്തംഭം സന്ദർശിച്ച 'സ്റ്റേറ്റ്സ്മാൻ' പത്രത്തിന്റെ ലേഖകന് നിരാശയാണുളവായത്. കീർത്തിസ്തംഭവും ക്ഷേത്രവും ഉദ്യാനവും പരിസരങ്ങളുമെല്ലാം വൃത്തികെട്ട്, വേണ്ടത്ര ശ്രദ്ധലഭിക്കാതെ കിടക്കുകയാണെന്ന് സെപ്തംബർ 5–ലെ 'സ്റ്റേറ്റ്സ്മാൻ' പത്രത്തിൽ അദ്ദേഹം എഴുതി. ഈ കാലവർഷക്കാലത്ത് വേണ്ടത്ര മഴ ലഭിച്ചിട്ടുള്ളതിനാൽ അവിടമെങ്ങും പച്ചപിടിച്ചിട്ടുണ്ടെങ്കിലും, ആരും അങ്ങോട്ടു തിരിഞ്ഞുനോക്കുന്നില്ലെന്ന ധാരണയാണ് ആ സ്ഥലം അദ്ദേഹത്തിൽ ജനിപ്പിച്ചത്. ക്ഷേത്രോപജീവികൾ പാർക്കുന്ന ഏതാനും മുറികൾ പ്രവേശദ്വാരത്തിനടുത്തുണ്ട്. ഇവയും ഇവയ്ക്കടുത്തുള്ള പ്രസംഗത്തറയും വൃത്തികേടായി കാണപ്പെട്ടു. പുണ്യതീർത്ഥമെന്നു കരുതപ്പെടുന്ന അടുത്തുള്ള കുളത്തിൽ അദ്ദേഹം കണ്ടതു മലിനജലമാണ്. ഖേജരിയിലേക്കുള്ള തീർത്ഥാടകരുടെ എണ്ണം ആണ്ടുതോറും വർദ്ധിച്ചുവരുന്നുണ്ട്. വൃക്ഷപ്രേമികൾക്ക് എന്നും ഇതൊരു പുണ്യസ്ഥലമായിരിക്കും. ആ നിലയ്ക്ക്, വൃത്തിയിലും ഭംഗിയിലും ഈ പ്രദേശം സംരക്ഷിക്കപ്പെടണം. പക്ഷേ, ഖേജരിയിലെ മഹന്ത് 'സ്റ്റേറ്റ്സ്മാൻ' ലേഖകനോടു പറഞ്ഞപോലെ, 'എല്ലാവർക്കും സ്വാതന്ത്ര്യമുള്ള കാലമല്ലേ? ആരുണ്ട് പറഞ്ഞാൽ കേൾക്കാൻ?'

27 ഒക്ടോബർ, 1985

88. ശാസ്താംകോട്ടകായൽ മരിക്കുന്നു

കേരളസംസ്ഥാനത്തിലെ ഏററവും വലിയ ശുദ്ധജലതടാകമാണ് കൊല്ലം ജില്ലയിലുള്ള ശാസ്താംകോട്ടകായൽ. ചെറിയ ഒട്ടേറെ കുന്നുകൾക്കിടയിൽ വളഞ്ഞുപുളഞ്ഞു മുന്നൂറെഴുപത്തഞ്ചു ഹെക്ടറോളം സ്ഥലത്തു പരന്നുകിടക്കുന്ന ഈ മനോഹരമായ ജലാശയത്തെ കേരളാംബയുടെ കഴുത്തിലെ ഇന്ദ്രനീലപ്പതക്കമെന്നു വിശേഷിപ്പിച്ചാൽ അതു് അതിശയോക്തിയാവില്ല. പ്രകൃതിസൗന്ദര്യംകൊണ്ടുമാത്രമല്ല, ഉപയോഗംകൊണ്ടും ശാസ്താംകോട്ട കായൽ പ്രാധാന്യമർഹിക്കുന്നു. കൊല്ലം നഗരത്തിലും പരിസരപ്രദേശങ്ങളിലുമുള്ള ജനങ്ങൾ കുടിക്കുന്നതു് ശാസ്താംകോട്ട കായലിലെ വെള്ളമാണ്. ഈ കായലിന്റെ വക്കത്താണു സുപ്രസിദ്ധമായ ശാസ്താംകോട്ട ക്ഷേത്രം. അതിനാൽ, ഒരു പുണ്യതീർത്ഥമെന്ന നിലയും ശാസ്താംകോട്ട കായലിനുണ്ട്.

കാര്യമൊക്കെ ശരി. പക്ഷേ, ശാസ്താംകോട്ട കായൽ മരിച്ചുകൊണ്ടിരിക്കുകയാണ്. രണ്ടു മഹാരോഗങ്ങൾ ഈ ജലാശയത്തെ ബാധിച്ചിരിക്കുന്നു.

ഒന്ന് പ്രദൂഷണം (മലിനീകരണം)തന്നെ. കേരളത്തിലെങ്ങുമുള്ളതുപോലെ, ശാസ്താംകോട്ട കായലിന്റെ തീരങ്ങളിലും ജനങ്ങൾ തിങ്ങിപ്പാർക്കുന്നു. ഈയിടെയായി ഇവിടെ ജനസംഖ്യ താരതമ്യേന പെരുകിക്കൊണ്ടിരിക്കുകയാണ് എന്നു പറയപ്പെടുന്നു. ശുചിത്വബോധം കുറവായ ജനങ്ങളുടെ ഗാർഹികമാലിന്യങ്ങൾ അപ്പോഴപ്പോൾ കായലിലെത്തുന്നു. പരിസരവാസികളായ ജനങ്ങളും അവരുടെ കന്നുകാലികളും കുളി